PROCEEDINGS OF

THE KERALA LEGISLATIVE ASSEMBLY

Second Session—1963

(Second Meeting)

Tuesday, the 12th November, 1963

Vol. XVII] OFFICIAL REPORT [No. 28

The Assembly met in the Assembly Chamber, Trivandrum at Eight of the clock on Tuesday, the 12th November 1963, with Mr. Speaker in the Chair.

SHORT NOTICE QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day).

പൂട്ടിയിടപ്പെട്ട തീപ്പെട്ടി കമ്പനികൾ

* 882. [19] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര തീപ്പെട്ടി കമ്പനികൾ പൂട്ടിക്കിടപ്പുണ്ട് ; എത്ര കാലമായി പൂട്ടിക്കിടക്കുന്നു ;

(ബി) കമ്പനികൾ പൂട്ടിയതുകൊണ്ട് എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു ; എത്ര തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ടു ;

(സി) തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് അവർക്ക് ലഭിക്കേണ്ടതായ റിട്രഞ്ച്മെന്റ് ബെനിഫിറ്റ് മുതലായ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്രപേർക്ക് നൽകിയിട്ടില്ല ;

(ഡി) കമ്പനികൾ പൂട്ടിയിടാൻ കാരണമെന്താണ് ; ഈ വിഷയത്തിൽ ഗവണ്മെന്റ് എടുത്ത നടപടികൾ എന്തെല്ലാം ?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ) :

(എ) 4.

1. കൊല്ലകടവ് തീപ്പെട്ടിക്കമ്പനി, മാവേലിക്കര, 18—6—1963 മുതൽ.
2. മാസില്ലാമണി തീപ്പെട്ടിക്കമ്പനി, കഞ്ഞിക്കോട്, പാലക്കാട് ഡിസ്ട്രിക്ട്, 14—7—1963 മുതൽ.
3. പുരുഷോത്തമദാസ് ഗോകൽദാസ് തീപ്പെട്ടിക്കമ്പനി, പാപ്പിനശ്ശേരി, 16—9—1963 മുതൽ.
4. പുരുഷോത്തമദാസ് ഗോകൽദാസ് തീപ്പെട്ടിക്കമ്പനി, മഴപ്പിലങ്ങാടി, 3—11—1963 മുതൽ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 20 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. 12964 തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടു.

(സി) പുരുഷോത്തമദാസ് ഗോകുൽദാസ് വക രണ്ട് തീപ്പെട്ടി കമ്പനികളിലെ 116 തൊഴിലാളികൾക്ക് റിട്രഞ്ച്മെന്റ് ബെനിഫിറ്റ് കൊടുത്തിട്ടില്ല. ഈ കമ്പനികൾ താൽക്കാലികമായിട്ടാണ് പൂട്ടിയിട്ടിരിക്കുന്നത്. ബാക്കിയെല്ലാം കൊടുത്തിട്ടുണ്ട്.

(ഡി) വ്യവസായത്തിലുള്ള നഷ്ടം, സ്റ്റോക്ക് കെട്ടിക്കിടക്കുക, പണ സംബന്ധമായ ബുദ്ധിമുട്ട് മുതലായ കാരണങ്ങളാലാണ് കമ്പനികൾ പൂട്ടിയിടപ്പെട്ടത്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇതിൽ തീപ്പെട്ടിക്കോൽ നിർമ്മിക്കുന്നതു പോലെയുള്ള ചെറുകിട വ്യവസായസ്ഥാപനങ്ങൾ ഉൾപ്പെട്ടുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഇല്ല. കുടിൽ വ്യവസായങ്ങളിൽ ഡ്യൂട്ടി കുറച്ചുകൊടുക്കുന്ന സ്ഥാപനങ്ങൾ ഉൾപ്പെട്ടുകയില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : കിഴക്കൻപ്രദേശങ്ങളിലും മറ്റും ഇവിടുള്ള കോൽ സ്വീകരിക്കാത്തതുകൊണ്ട് പുറമേനിന്നും വരുത്തുകയാണ്. ഈ വ്യവസായം വളരെ അധഃപതിച്ചുകിടക്കുന്നു എന്നുള്ളതു പരിഗണിച്ചു കൂടുതൽ അന്വേഷണം ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി നടത്താൻ തയ്യാറാകുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഇതിന്റെ പ്രവർത്തനത്തിൽ വളരെ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ടാണ് വിംകോ കമ്പനി രംഗത്തുനിന്നും മാറിയത്. കുടിൽവ്യവസായ രംഗത്തു എന്തെല്ലാം പരീക്ഷണങ്ങളാണ് എടുക്കേണ്ടതെന്നുള്ളതിനെപ്പറ്റി തീർച്ചയായും ആലോചിക്കുന്നതാണ്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : നമ്മുടെ സ്റ്റോറിൽനിന്നും നാലായിരം ടൺ 'soft wood' ആണ്ടുതോറും എടുക്കുന്നുണ്ടെങ്കിലും അവ ഡിപ്പു ചെയ്യുന്നതു വെളിയിലാണ്. ഡിപ്പു ചെയ്യുന്നതിനുള്ള ഏർപ്പാട് ഇവിടെ ചെയ്തുകൊണ്ട് ഈ വ്യവസായത്തെ വികസിപ്പിക്കുന്നതിനു ശ്രദ്ധിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഡിപ്പു ചെയ്യുന്ന ജോലി ഇവിടെ തുടങ്ങിയിട്ടില്ല. അതു ഇവിടെ തുടങ്ങാമോ എന്നുള്ള കാര്യം ആലോചിക്കുന്നതാണ്.

ശ്രീ. കെ. എം. ജോർജ്ജ് : വഞ്ചിനാട് മാച്ച് ഫാക്ടറി പൂട്ടിക്കിടക്കുകയാണെന്നുള്ള വിവരം ഗവണ്മെന്റിനറിയാമോ ?

ശ്രീ. കെ. ടി. അച്യുതൻ: അതു വേറൊരു കമ്പനിക്കു വിട്ടുകൊടുക്കുവാൻ പോകയാണ്.

ശ്രീ. ജോർജ്ജ് ജോസഫ് പൊടിപ്പാറ : കല്ലേറിൻകര ലയോപ്പ് കമ്പനി പൂട്ടിയിട്ടിരിക്കുകയാണോ ?

ശ്രീ. കെ. ടി. അച്യുതൻ : പൂട്ടിയിട്ടിരിക്കുകയാണ്.

ശ്രീ. ഈ. പി. ഗോപാലൻ : തീപ്പെട്ടിയുടെ കൊള്ളിക്കു ഇവിടെയാണ് പ്രസിദ്ധി. അതു വെളിയിൽവച്ചു ഡിപ്പു ചെയ്യുന്നതിനുപകരം ഇവിടെ ഡിപ്പു ചെയ്തുകിട്ടുന്നതിനുള്ള സാഹചര്യത്തെപ്പറ്റി അന്വേഷിക്കുമോ ? വൻകിട കമ്പനികൾക്ക് സോഫ്റ്റ്വുഡ് വാങ്ങാൻ ആനുകൂല്യം കൊടുക്കുകയും അതു ചെറുകിട കമ്പനികൾക്കു വിലാതമായി വരുകയും ചെയ്യുന്നതുകൊണ്ട് ചെറുകിട കമ്പനികൾക്കുകൂടി ഈ സൗജന്യം നൽകുന്നതിനു ശ്രമിക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : വിംകോ കമ്പനിയെപ്പോലുള്ള വൻകിട കമ്പനികൾ ലാജ്ജ സ്കെയിലിൽ ഈ വ്യവസായം നടത്തുന്നതുകൊണ്ട് ചെറിയ കമ്പനികൾക്കു ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. ചെറിയ കമ്പനികൾക്കു സോഫ്റ്റ്വുഡ് വാങ്ങുന്നതിനുള്ള ആനുകൂല്യം കൊടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ കൃഷ്ണപിള്ള : തീപ്പെട്ടിവ്യവസായം മന്ദീഭവിച്ചിരിക്കുകയാണെന്ന മന്ത്രി സമ്മതിച്ചിട്ടുണ്ട്, അതു പ്രോൽസാഹിപ്പിക്കുന്നതിനു ഗവണ്മെൻറു തയാറാകുകയും ചെയ്തിട്ടുണ്ട്. എത്ര കമ്പനികൾക്കു ഈ സഹായം ലഭിച്ചിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ : വ്യവസായവകുപ്പ് അതേപ്പറ്റി അന്വേഷിക്കും. ഇപ്പോൾ പറയുവാൻ സാധിക്കുകയില്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ : ഡിപ്പിംഗ് ഒഴികെ മറ്റെല്ലാം ഇവിടെ വികസിപ്പിക്കുന്നുണ്ടെങ്കിലും ആകെയുള്ള ഡ്യൂട്ടിയുടെ മൂന്നിലൊരു ഭാഗംമാത്രമേ നമുക്കു കിട്ടുന്നുള്ളൂ. ഇതൊന്നു റീഓർഗനൈസ് ചെയ്തു ആയിരക്കണക്കിനു തൊഴിൽ ഇല്ലാതിരിക്കുന്നവർക്കു തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിനും നമ്മുടെ സ്റ്റേറ്റിലെ സാമ്പത്തികനില ഭദ്രമാക്കുവാനും തയ്യാറാകുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഗവണ്മെൻറ് ആ കാര്യത്തിൽ മുൻഗണന എടുക്കുന്നതാണ്.

ശ്രീ. കെ. ആർ. വിജയൻ : വലിയ തീപ്പെട്ടിക്കമ്പനികൾക്കു ഫാസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നും സാഫ്റവുഡ് സൗജന്യനിരക്കിൽ കിട്ടുന്നുണ്ട്. ചെറിയ കമ്പനികൾക്കു അപ്രകാരം സൗജന്യനിരക്കിൽ സാഫ്റവുഡ് കിട്ടാത്തതുകൊണ്ട് ചെറുകിട വ്യവസായികൾക്കു ഒരു കൺസഷൻ റേറിൽ സാഫ്റവുഡ് കൊടുക്കുവാൻ വേണ്ട ഏർപ്പാടു ചെയ്യുമോ ?

ശ്രീ. കെ. ടി. അച്യുതൻ : ഇപ്പോൾതന്നെ ചെറിയ കമ്പനികൾക്കു സാഫ്റവുഡിനുള്ള ആനുകൂല്യം നൽകിക്കൊണ്ടിരിക്കുകയാണ്.

സംശയകരമായ മരണത്തെപ്പറ്റി അന്വേഷണം.

* 883. [25] ശ്രീ. എം. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വടകര മുനിസിപ്പൽ അതിർത്തിയിൽപ്പെട്ട നടക്കുതാഴ അംശത്തിലെ കറങ്ങോട്ട മീത്തൽ ജാനുവിൻറെ മരണം സംശയാസ്പദമായ നിലയിലാണെന്നും, ആകയാൽ അതുസംബന്ധമായി അന്വേഷണം നടത്തേണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മരിച്ച ജാനുവിൻറെ അമ്മാവനായ ഗോവിന്ദനിൽ നിന്നു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു സംബന്ധമായി അന്വേഷണം നടത്തിയോ;

(സി) നടത്തിയെങ്കിൽ അന്വേഷണഫലമെന്താണെന്നു പറയുമോ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) ഉണ്ട്.

(ബി) നടത്തി.

(സി) അന്വേഷണത്തിൽ സംശയകരമായ കാരണം കണ്ടില്ല.

PAPERS LAID ON THE TABLE

Minister for Food and Agriculture (**Shri E. P. Poulose**) : Sir, I lay on the Table a copy of Notification No. G. O. MS. 886/63/Agri. dated 7th October 1963 issued by the Government under Sections 12 and 21 of the Travancore-Cochin Land Development Act, 1950 (Act XXXVI of 1950) containing amendment to the rules governing grant of loans in aid of Land Development Schemes.

LIBRARY ARCHIVES Kerala Legislative Assembly